No. 001/2009/CL Dated: 20.01.2009

Latin Archdiocese of Trivandrum,
Vellayambalam

# വിജ്ഞാപനം

## കേരള നിയമ പരിഷ്കരണ സമിതി രൂപീകരിച്ച് സർക്കാരിന് സമർപ്പിക്കുന്ന സഭാവിരുദ്ധ നിർദ്ദേശങ്ങൾ

സ്നേഹമുള്ളവരേ,

കേരള നിയമപരിഷ്കരണ സമിതിയുടെ നിർദ്ദേശ പ്രകാരം സർക്കാർ നിയമമാക്കുവാൻ ആലോചിക്കുന്ന അധാർമ്മികവും അപകടകരവുമായ നാലു മേഖലകളിലേയ്ക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ കെ.സി.ബി.സി. പ്രോലൈഫ് സമിതി തയ്യാറാക്കിയ ഈ വിജ്ഞാപനം അതർഹിക്കുന്ന ഗൗരവത്തോടെ നാം ചർച്ചചെയ്യുകയും ഉൾക്കൊള്ളുകയും ചെയ്യണം.

ദയാവധം അനുവദിക്കുവാനും ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് മൂന്നാമതൊരു കുട്ടിക്ക് ജന്മം നൽകുന്നതിൽ നിന്നും ഭാര്യാഭർത്താക്കന്മാരെ നിരുത്സാഹപ്പെടുത്തുവാനും ആത്മഹത്യക്ക് നിയമസാധുത നൽകുവാനും സഭയുടെ സ്വത്ത് കയ്യടക്കുവാനും ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന കരട് ബില്ലുകൾ തികച്ചും അധാർമ്മികവും യുക്തിരഹിതവും നമ്മുടെ വിശ്വാസത്തിന് വിരുദ്ധവും അടിസ്ഥാന മനുഷ്യാവകാശങ്ങളെ തകർക്കുന്നതുമാണ്.

ദയാവധം നടപ്പാക്കുന്നതിന് വേണ്ടി The Kerala Terminally Ill Patients Bill എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന നിർദ്ദേശം തികച്ചും കിരാതമാണ്. ദൈവം തന്ന ജീവനെ നശിപ്പിക്കുവാൻ ഒരു മനുഷ്യനും അവകാശമില്ല എന്ന സത്യം ലോകം മുഴുവനും അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഇന്ത്യയിൽ മറ്റൊരിടത്തും ഇല്ലാത്ത ദയാവധം നടപ്പാക്കുവാൻ നിയമപരിഷ്കരണ സമിതി ശുപാർശ ചെയ്യുന്നതും അതിലേയ്ക്കായി ബില്ല് തയ്യാറാക്കിയിരിക്കുന്നതും. നിയമ വ്യവസ്ഥിതിയിലെ ഏറ്റവും ഗൗരവമായ കൊലക്കുറ്റത്തിന് നിയമസാധുത നൽകുവാനുള്ള ശ്രമം നിയമവാഴ്ചയുടെ അടിത്തറ തകർക്കുകയും സാമൂഹിക അപചയം വിളിച്ചു വരുത്തുന്നതുമാണ്. ഡോക്ടർമാരുടെ നിർദ്ദേശവും, ബന്ധുക്കളുടെ സമ്മതപത്രവുമാണ് ഒരു ജീവൻ എടുക്കുന്നതിലേയ്ക്ക് ഈ നിയമം ആവശ്യപ്പെടുന്നത്. ഇത് ജീവനെ നശിപ്പിക്കുന്നതിനുള്ള അവകാശമാണ് ചിലർക്ക് കൊടുക്കുന്നത്. ഇപ്പോൾ ഈ നിയമം പ്രാബല്യത്തിലുള്ള നെതർലന്റിൽ മൊത്തം മരണത്തിന്റെ ആറിലൊന്ന് ദയാവധത്തിലൂടെയാണ് നടക്കുന്നത്. ദുരുപയോഗ സാധ്യത മാത്രമുള്ള ഈ നിയമ നിർദ്ദേശം സനാതന ധർമ്മത്തിന്റെ ഈറ്റില്ലമായ നമ്മുടെ നാട് വയോജനങ്ങളുടെ കുരുതിക്കളമാകുവാൻ കാരണമാകുമെന്നതിൽ സംശയമില്ല. ഇതിനെതിരെ എല്ലാ വിശ്വാസികളും മനുഷ്യസ്നേഹികളും മുന്നോട്ട് വരണമെന്ന് അപേക്ഷിക്കുന്നു.

രണ്ടാമതായി The Kerala Family Well being Bill എന്ന പേരിൽ സർക്കാരിന് സമർപ്പിക്കുവാൻ പോകുന്ന നിർദ്ദേശം മൂന്നാമതൊരു കുട്ടിയുണ്ടാകുന്നതിൽ നിന്നും ഭാര്യാഭർത്താക്കന്മാരെ നിരുത്സാഹപ്പെടുത്തുന്നതും ഗർഭഛിദ്രം പ്രോത്സാഹിപ്പിക്കുന്നതും ആണ്. മനുഷ്യജീവൻ സംക്രമിപ്പിക്കുക

എന്ന ഗൗരവമായ ചുമതലയിൽ സൃഷ്ടാവായ ദൈവവുമായി സ്വാതന്ത്ര്യത്തോടും ഉത്തരവാദിത്വത്തോടും കൂടി സഹകരിക്കേണ്ടവരാണ് ദമ്പതികൾ. ഇത് ദമ്പതികളുടെ മതപരമായ ചുമതലയും അവകാശവുമാണ്. ഇതിന് പരിധികൾ വയ്ക്കുവാനോ തടസ്സപ്പെടുത്തുവാനോ ആർക്കും ഒരിക്കലും അർഹതയില്ലാത്തതാണ്. ആയതിനാൽ ഈ നിയമനിർദ്ദേശം തികച്ചും അസാധുവും വിശ്വാസത്തിന് എതിരുമാണ്.

മൂന്നാമതായി ആത്മഹത്യ തടയുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 309-ാം വകുപ്പ് പിൻവലിച്ച് ആത്മഹത്യയ്ക്ക് അനുവാദം കൊടുക്കണമെന്നുള്ള ശുപാർശയാണ് സമിതി മുന്നോട്ട് വച്ചിരിക്കുന്നത്. ഓരോ മനുഷ്യ ജീവനും അതുല്ല്യവും അമൂല്ല്യവുമാണ്. അത് നശിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന നിയമനിർമ്മാണം തികച്ചും അധാർമ്മികവും എല്ലാ മത വിശ്വാസങ്ങൾക്കും എതിരുമാണ്. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യാനിരക്കുള്ള കേരളത്തിൽ ഇപ്രകാരമൊരു നിയമഭേദഗതി നമ്മുടെ സംസ്ഥാനത്തിന് താങ്ങാവുന്നതിന് അപ്പുറത്താണ്. ഒരു വലിയ തെറ്റിനെ ശരിയാക്കുവാനുള്ള സമിതിയുടെ ശുപാർശ അടിയന്തിരമായി പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

നാലാമതായി സഭയുടെ സ്ഥാപനങ്ങളും സ്വത്തുക്കളും കയ്യടക്കുവാനുള്ള ഗൂഢലക്ഷ്യവുമായി തയ്യാറാക്കിയിരിക്കുന്ന കരട് ബില്ലാണ്. സഭയുടെ സ്വത്തുക്കളെല്ലാം സുതാര്യമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്ന സഭാ നിയമങ്ങളാണ് ഇന്ന് നമുക്കുള്ളത്. പ്രായോഗിക തലത്തിൽ അനുഭവപ്പെടാവുന്ന പാളിച്ചകൾ പരിഹരിക്കുവാൻ സിവിൽ നിയമത്തെ ആശ്രയിക്കുവാനുള്ള വകുപ്പുകളുമുണ്ട്. വസ്തുതകൾ ഇപ്രകാരമായിരിക്കെ സഭയെ തകർക്കുവാനും വിശ്വാസികളെ ഭിന്നിപ്പിക്കുവാനുമുള്ള ഒരു നിയമ നിർദ്ദേശം ഇപ്പോൾ സഭയ്ക്ക് എതിരെ നടക്കുന്ന നിരന്തര പ്രചരണ പരിപാടികളുടെ ഭാഗമാണ് എന്നത് നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്.

ക്രിസ്ത്യൻ മാര്യേജ് ആക്ട് നമ്മുടെ കുടുംബങ്ങളുടെ ഭദ്രത നശിപ്പിക്കാനും വിവാഹത്തിന്റെ ക്രിസ്തീയ ദർശനമനുസരിച്ചുള്ള കൗദാശിക സ്വഭാവവും അവിഭാജ്യതയും ഇല്ലാതാക്കാനും ഉദ്ദേശിച്ചുള്ളതാണ്.

ഏതൊരു നിയമത്തേയും സാധുവാക്കുന്നത് അതിനകത്തെ ധാർമ്മികതയാണ്. ധാർമ്മികതയില്ലാത്ത നിയമങ്ങൾ നിയമങ്ങളേ അല്ല. ഇത്തരം അധാർമിക നിയമ നിർദ്ദേശങ്ങളിലൂടെ മനുഷ്യജീവനെ നശിപ്പിക്കുവാനും സനാതന മൂല്യങ്ങളെ തകർക്കുവാനും അതു വഴി നമ്മുടെയും വരും തലമുറയുടെയും ദൈവവിശ്വാസത്തെ ഇല്ലായ്മ ചെയ്യുവാനുള്ള തല്പരകക്ഷികളുടെ ശ്രമം നമ്മൾ തിരിച്ചറിഞ്ഞ് വേണ്ടവിധം പ്രതികരിക്കണം. ഇതിനായി നിങ്ങളുടെ സഹകരണവും നിരന്തരമായ പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും വേണ്ടി വന്ന യേശുക്രിസ്തുവിന്റെ സമാധാനവും സന്തോഷവും അനുഗ്രഹങ്ങളും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു.

സ്നേഹത്തോടെ,

വെള്ളയമ്പലം
20.01.2009

† സൂസപാക്യം എം
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**PS**: ഈ വിജ്ഞാപനം 25-ാം തിയതി ഞായറാഴ്ച്ച ദിവ്യബലിയുടെ അവസാനം വായിക്കേണ്ടതാണ്.